# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 22

## വാർത്താക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.സി.എ. - ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 28 മുതൽ ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. വിശദവിവരം കോളേജിൽ ലഭിക്കും.

(പി.ആർ.ഒ/39/904/2020)

### എം.കോം. സൂക്ഷ്മപരിശോധന

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം. (റഗുലർ) പരീക്ഷയുടെ സൂക്ഷ്മപരിശോധന സെപ്റ്റംബർ 25ന് രാവിലെ 11 മുതൽ വൈകീട്ട് നാലുവരെ സർവകലാശാല അസംബ്ലിഹാളിൽ നടക്കും. അപേക്ഷിച്ചവർ ഹാൾടിക്കറ്റ്/ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുമായി എത്തണം.

(പി.ആർ.ഒ/39/905/2020)

### സ്പോർട്സ് സ്കോളർഷിപ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാല സ്പോർട്സ് സ്കോളർഷിപ്പ് 2019-20ലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിതഫോമിലുള്ള അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 19ന് മുമ്പായി സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഓഫീസിൽ എത്തണം. അപേക്ഷഫോം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/906/2020)

### ജനറൽ കൗൺസിൽ; പ്രൊഫോർമ സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാല ജനറൽ കൗൺസിൽ രൂപീകരണത്തിനായി 2019-20 അധ്യയന വർഷത്തിലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ വിവിധ കോളേജുകളിൽ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങളും ഫോട്ടോയും അടങ്ങിയ നിർദ്ദിഷ്ട പ്രൊഫോർമ സമർപ്പിക്കാത്ത എല്ലാ അഫിലിയേറ്റഡ് കോളേജുകളും പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തലോടെ ഒക്ടോബർ അഞ്ചിനകം സർവകലാശാല ഇലക്ഷൻ വിഭാഗത്തിൽ നൽകണം.

(പി.ആർ.ഒ/39/907/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ